LIBRARY ARCHIVES Kerala Legislative Assembly

ആയി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പദ്ധതി രൂപീകരണം പൂർത്തിയായാൽ മാത്രമേ ആരംഭ തീയതി നിശ്ചയിക്കാനാവൂ. കിഫ്ബി മുഖേനയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പ്രസ്തുത ചിട്ടിവഴിയുള്ള നിക്ഷേപം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശമുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ആദ്യഘട്ട ചെലവുകൾക്കാവശ്യമായി വരുന്ന തുക ഇതിനകം 10% മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം സെസ് എന്നിവ വഴി കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ നബാർഡിന്റെ 565 കോടി രൂപയുടെ നിഡ (NIDA) ലോൺ ലഭ്യമാക്കാൻ തീരുമാനമായിട്ടുണ്ട്. മേൽപ്പറഞ്ഞ മാർഗങ്ങളിലൂടെ ഫണ്ട് സ്വരൂപിക്കൽ സാദ്ധ്യമായതിനാൽ കിഫ്ബിയുമായി സഹകരിച്ചുകൊണ്ടുള്ള കെ.എസ്.എഫ്.ഇ.-എൻ.ആർ.ഐ. ചിട്ടി ഇതുവരെ ആരംഭിക്കാത്തത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. കിഫ്ബി വഴി ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെ ആദ്യഘട്ടം പണം നൽകുന്നതിന് കിഫ്ബി ഇപ്പോൾതന്നെ പ്രാപ്തമാണ്.

**ജി.എസ്.ടി. വന്നശേഷമുള്ള നികുതിയിനത്തിലെ വർദ്ധനവ്**

5(3625) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജി.എസ്.റ്റി. നിലവിൽ വന്നസാഹചര്യത്തിൽ നികുതിയിനത്തിൽ വരുംവർഷങ്ങളിൽ എത്ര തുക അധികം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ജി.എസ്.ടി. നടപ്പാക്കുകമൂലം സർക്കാരിനുണ്ടാകുന്ന വരുമാന ലാഭനഷ്ടക്കണക്കുകൾ എത്രയെന്ന് ഇപ്പോൾ കൃത്യമായി പറയുക സാധ്യമല്ല. ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വിൽപ്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിച്ചിരുന്നില്ല. ജി.എസ്.ടി.-യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ വരുമാനനഷ്ടം ഉണ്ടാവുകയാണെങ്കിൽ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്.